

TUESDAY 24/06/2025 ചൊവ്വാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS    Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/06/2025

1. കാലാവസ്ഥ അനുരൂപക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ കേര (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ) പദ്ധതി നടപടികൾ ദ്രുതഗതിയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ, സമേതി, സോയിൽ സർവേ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പ്, ആത്മ (അഗ്രികൾച്ചർ ടെക്നോളജി മാനേജ്മന്റ് ഏജൻസി), വി.എഫ്.പി.സി.കെ. എന്നീ അഞ്ചു സ്ഥാപനങ്ങളുമായാണ് കേര പ്രൊജക്റ്റ് ഡയറക്ടറേറ്റ് ധാരണാപത്രത്തിൽ ഏർപ്പെട്ടത്. പദ്ധതിയുടെ പരസ്യ പ്രചരണം, മാധ്യമ ഇടപെടലുകൾ, പരിശീലന പരിപാടികൾക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും കർഷകർക്കുമുള്ള പരിശീലന പരിപാടികൾ നിർവഹിക്കുന്നതിനും കർഷകർക്കിടയിൽ പദ്ധതിയെ സംബന്ധിച്ച ആമുഖം നൽകുന്ന പ്രവർത്തനങ്ങളും സമേതിയെ ചുമതലപ്പെടുത്തി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. തിരുവനന്തപുരം, വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ കേര പ്രോജക്റ്റ് ഡയറക്ടറേറ്റിനെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രതിനിധീകരിച്ച് അഡീഷണൽ ഡയറക്ടർ വിഷ്ണു രാജ് ഐ.എ.എസ്. വിവിധ സ്ഥാപനമേധാവികളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. സോയിൽ സർവേ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പ് ഡയറക്ടർ സാജു കെ. സുരേന്ദ്രൻ ഐ.ഇ.എസ്., പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സിന്ധു കെ.എസ്., കൃഷി അഡിഷണൽ ഡയറക്ടർ സപ്ന, സമേതി ഡയറക്ടർ മിനി റ്റി., വി.എഫ്.പി.സി.കെ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിവരാമകൃഷ്ണൻ വി. എന്നിവർ വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

2. അനുദിനം വികസിക്കുന്ന പൗൾട്രി രംഗത്ത് ചിക്ക് സെക്സിംഗ് എന്ന നൈപുണ്യത്തിൻ പ്രാധാന്യമുൾക്കൊണ്ട്, കുടപ്പനക്കുന്ന് സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ചിക്ക് സെക്സിംഗ് സ്കൂളിൽ ഇത്തവണ 24 വിദ്യാർത്ഥികൾക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നു. 3 മാസം നീണ്ടു നില്ക്കുന്ന ചിക്ക് സെക്സിംഗ് പരിശീലനത്തിന്റെയും റീജിയണൽ പൗൾട്രി ഫാമും വെള്ളനാട് വി.എച്ച്.എസ്.ഇ യും സംയുക്തമായി നടത്തുന്ന Skill To Venture പ്രോഗ്രാമിന്റെയും ഉദ്ഘാടനം മൃഗസംരക്ഷണം-ക്ഷീര വികസന- മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. 2025 ജൂൺ 25-ാം തീയതി ഉച്ചയ്ക്ക് 12.30ന് കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ എം.എൽ.എ. വി. കെ. പ്രശാന്ത് അദ്ധ്യക്ഷത വഹിക്കും.

3. ഞാറ്റുവേലകളെ അടിസ്ഥാനപ്പെടുത്തിയുള്ള പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്താകമാനം നടപ്പിലാക്കുന്ന ഞാറ്റുവേല

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചന്തയും കർഷകസഭകളും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഞാറ്റുവേല ചന്തകൾ. കൃഷി വകുപ്പ് ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും കർഷകർക്ക് തമ്മിൽ വിത്ത് കൈമാറ്റത്തിനുള്ള വേദിയായുമാണ് ഞാറ്റുവേല ചന്തകൾ നടപ്പിലാക്കുക. കൃഷി ഭവന്റെ സേവനം താഴെത്തട്ടിൽ ഫലപ്രദമാക്കുക, കാർഷിക വികസനത്തിലും ആസൂത്രണത്തിലും കർഷകരെ പങ്കാളികളാക്കുക, കാർഷിക പദ്ധതികൾ സംബന്ധിച്ച് കൃഷിക്കാരെ ബോധവാന്മാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഈ കാലയളവിൽ (ജൂൺ 22 മുതൽ ജൂലൈ 15 വരെ) കർഷകസഭകളും സംസ്ഥാനത്തുടനീളം നടത്തപ്പെട്ടും.

4. കേരള കാർഷിക സർവകലാശാലയുടെ 2024 വർഷത്തെ ബിരുദ ദാന ചടങ്ങ് 2025 ജൂൺ 26 വ്യാഴാഴ്ച ഉച്ചക്ക് 2 മണിക്ക് തൃശ്ശൂർ പുഴക്കലിലുള്ള ഹയാത്ത് റീജൻസിയിൽ വച്ച് നടത്തുന്നു. കേരള ഗവർണറും ചാൻസലറുമായ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ബിരുദ ദാനം നടത്തുന്ന ചടങ്ങിൽ പ്രൊ ചാൻസലർ കൂടിയായ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്, എക്സ്ക്യൂട്ടീവ് കമ്മിറ്റി അംഗവും റെവന്യൂ വകുപ്പ് മന്ത്രിയുമായ അഡ്വ രാജൻ, കാർഷിക സർവകലാശാല വൈസ് ചാൻസലറും കാർഷികോൽപ്പാദന കമ്മീഷണറും ആയ ഡോ. ബി അശോക് IAS എന്നിവർ പങ്കെടുക്കുന്നു. കൃഷി, എഞ്ചിനീയറിംഗ്, ഫോറെസ്റ്ററി എന്നീ 3 ഫാക്കൽറ്റികളിലായി 1039 വിദ്യാർത്ഥികളിൽ ഡോക്ടറേറ്റ്, ബിരുദാനന്തര ബിരുദം, ബിരുദം ഡിപ്ലോമ എന്നിവ നൽകുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാർഷിക സർവകലാശാലയിൽ പുതിയതായി ആരംഭിച്ച ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ കോഴ്സ് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. അപേക്ഷിക്കേണ്ട അവസാന തിയ്യതി 30 ജൂൺ 2025 ആണ്. അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾക്ക് https://www.admissions.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 9446370726, 8714253165 എന്നി നമ്പരുകളിൽ ബന്ധപെടുക.

6. റബ്ബർഗവേഷണകേന്ദ്രത്തിലെ ബയോടെക്നോളജി ആന്റ് ജീനോം ഡിവിഷനിൽ അനലിറ്റിക്കൽ ട്രെയിനികളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. അപേക്ഷകർ ആഗ്രിക്കൾച്ചർ/ ബോട്ടണി/ബയോടെക്നോളജി ബയോകെമിസ്ട്രി എന്നിവയിലേതിലെങ്കിലും ബിരുദാനന്തരബിരുദം ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01 ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ ഓഫ് റിസർച്ച് മുമ്പാകെ 2025 ജൂൺ 25 ന് രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gon സന്ദർശിക്കുക.

7. നിലവിലുള്ള തെങ്ങുകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി കർഷക പങ്കാളിത്തത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന സമഗ്രകേരവികസന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ശാസ്ത്രീയ പരിചരണ മുറകളുടെ ഏകോപനം വഴി തെങ്ങുകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുകയും അനുയോജ്യമായ ഇടവിള കൃഷികളിലൂടെ കൃഷിയിടങ്ങളിൽ നിന്നുള്ള മൊത്തം വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 2 വർഷക്കാലയളവിൽ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. താല്പര്യമുള്ള കർഷക കൂട്ടായ്മകൾ നിർദിഷ്ട മാതൃകയിലുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് ആവശ്യമുള്ള രേഖകൾ സഹിതം 10.07.2025 ന് 5 മണിക്ക് മുൻപായി നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025–26 അധ്യയന വർഷത്തിലെ ബി.എസ് സി. (ഹോണേഴ്സ്) അഗ്രികൾച്ചർ, ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ, ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് (ആർ എഫ് മോഡ്) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന

സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകർ സമർപ്പിക്കാനുള്ള അവസാന തിയതി 30.06.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

**<u>പരിശീലന പരിപാടി</u>**

9. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 01.07.2025 മുതൽ 11.07.2025 വരെ 10 ദിവസത്തെ "ക്ഷീരോത്പന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/ രൂപ പരിശീലനാർത്ഥികൾ 30.06.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. <u>കാർഷിക നിർദേശം</u>

ഇഞ്ചി/മഞ്ഞൾ (നടുന്ന സമയം)

വാട്ടം / ചീച്ചൽ മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ്മ സമ്പുഷ്ടമാക്കിയ ചാണകം ( 100 കിലോഗ്രാം ചാണകത്തിൽ ഒരു കിലോ ഗ്രാം ട്രൈക്കോഡെർമ്മ) ഉപയോഗിക്കുക  അല്ലെങ്കിൽ 100 ചതുരശ്രമീറ്ററിന് 25 ഗ്രാം വീതം ട്രൈക്കോഡെർമ്മ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക.

11. ഏലം

തോട്ടങ്ങളിൽ കീട നിയന്ത്രണത്തിന്റെ ഭാഗമായി ഉണങ്ങിയ ഇലകൾ മുറിച്ചു മാറ്റേണ്ടതാണ് തണ്ടുതുരപ്പന്റെ ആക്രമണത്തിന് സാധ്യതയുണ്ട് ഇതിനെതിരെ ക്ലോറാൻട്രാനിലി പ്രോൾ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു മഴയൊഴിഞ്ഞ സമയത്ത് തളിക്കാവുന്നതാണ്. കട്ടെ രോഗം ബാധിച്ച ഏല ചെടികൾ പിഴുതു മാറ്റുക . അഴുകൽ രോഗത്തിനെതിരെ സാധ്യതയുള്ളതിനാൽ നീർവാർച്ച ഉറപ്പുവരുത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം